പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4066 03.02.2014-ലെ മറുപടിക്ക്

## കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലെ പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. സി. കെ. സദാശിവൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജുകൾ 2011-12 സാമ്പത്തികവർഷം സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) 2011-12 സാമ്പത്തികവർഷത്തിൽ കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കാസർഗോഡ്, ഇടുക്കി പത്തനംതിട്ട മെഡിക്കൽ കോളേജുകളിൽ 2015-16 അദ്ധ്യയന വർഷം പ്രവേശനം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) ഇതിനായി എന്തു തുകയാണു നീക്കിവെച്ചതെന്നും, ഇതുവരെ എത്ര തുക ചെലവായെന്നും വ്യക്തമാക്കുമോ ; | (ബി) 2012-13 സാമ്പത്തിക വർഷത്തിൽ കാസർഗോഡ്, ഇടുക്കിവിടങ്ങളിലെ പുതിയ മെഡിക്കൽ കോളേജുകൾക്കായി ഒറ്റത്തവണ കേന്ദ്ര വിഹിതമായി 343 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 282 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പത്തനംതിട്ടയിലെ പുതിയ മെഡിക്കൽ കോളേജിനായി സംസ്ഥാന വിഹിതമായി 1875 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മെഡിക്കൽ കോളേജുകൾക്ക് ഓരോന്നിനും 250 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.<br>ഇതുവരെ കാസർഗോഡ് മെഡിക്കൽ കോളേജിനായി 20 ലക്ഷം രൂപയും ഇടുക്കിക്കായി 125 ലക്ഷം രൂപയും പത്തനംതിട്ടയ്ക്കായി 492 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. ബാക്കി തുക മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അക്കൗണ്ടിൽ കരുതിവച്ചിട്ടുണ്ട്. |

(സി) ഓരോ മെഡിക്കൽ കോളേജിന്റെയും പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും, നിർമ്മാണം ഏതു ഘട്ടം വരെയായെന്നും അറിയിക്കുമോ ;

(സി) കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലെ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മൂന്ന് കോളേജുകളിലേക്കുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രോജക്ട് കൺസൾട്ടന്റുമാരെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്കായി റോഡ്, ജലം, വൈദ്യുതി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട എന്നി മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം 2015-16 -ൽ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്

(ഡി) ഹരിപ്പാട്ട് സ്വകാര്യ പങ്കാളിത്തത്തോടെ തുടങ്ങാനുദ്ദേശിക്കുന്ന മെഡിക്കൽ കോളേജിനായി സർക്കാർ സ്ഥലം സൗജന്യമായി വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

(ഡി) സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടെ ഹരിപ്പാട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിനുവേണ്ടിയുള്ള സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ